# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3979    18-10-2011 -ൽ മറുപടിക്ക്

### സർവ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പിലെ പോരായ്മകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) സർവ്വകലാശാലാ പരീക്ഷാ നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) പരീക്ഷാനടത്തിപ്പിലെ പോരായ്മ പരിഹരിക്കുന്നതിലേയ്ക്കായി ഒരു ഏകീകൃത പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) സർവ്വകലാശാലകൾക്ക് ഏകീകൃത പരീക്ഷാ കലണ്ടർ തയ്യാറാക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; | |
| (സി) കുറ്റമറ്റ രീതിയിലും ചുരുങ്ങിയ സമയത്തിനുള്ളിലും റിസൽട്ടുകൾ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് വൈസ് ചാൻസലർമാരുടെയും പരീക്ഷാ കൺട്രോളർമാരുടേയും യോഗം വിളിച്ചുകൂട്ടുമെന്ന സർക്കാരിന്റെ ഉറപ്പ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) ഓരോ സർവ്വകലാശാലയും ഇപ്പോൾ തന്നെപരീക്ഷാ കലണ്ടർ തയ്യാറാക്കുന്നുണ്ട്. പരിക്ഷാ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വൈസ് ചാൻസലർമാരുടെ ഒരു യോഗം കൂടാൻ സർക്കാർ തീരുമാനിച്ചുവെങ്കിലും പ്രസ്തുത യോഗം ചേരാൻ കഴിഞ്ഞിട്ടില്ല. പരീക്ഷാ |

നടത്തിപ്പിൽ
ഉത്തരക്കടലാസുകൾക്ക് ബാർ കോഡിംഗ് സംവിധാനം ഏർപ്പെടുത്തുക, ചോദ്യപേപ്പറുകൾ ഓൺലൈൻ വഴി നൽകുക. പരീക്ഷാ സംവിധാനം കമ്പ്യൂട്ടർ വത്ക്കരിക്കുക തുടങ്ങിയ നടപടികൾ സർവ്വകലാശാലാ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഏകീകൃത പരീക്ഷാ കലണ്ടർ ഉൾപ്പടെ, പരീക്ഷാ നടത്തിപ്പിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തുന്നത് സംബന്ധിച്ച് സർക്കാർ സർവ്വകലാശാലകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പരീക്ഷാ സമ്പ്രദായ ത്തിൽകാലോചിത പരിഷ്കരണം അനിവാര്യമാണെന്ന് കരുതുന്നു ണ്ടോ; അതിനായി എന്തെങ്കിലും നീക്കങ്ങൾ ആരംഭിച്ചിട്ടു ണ്ടോ;

(ഇ) പരീക്ഷാ പേപ്പർ വാല്യുവേഷൻ നടത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതിന് വാല്യുവേഷൻ സെൽ രൂപീകരി ക്കണമെന്ന വിദഗ്ദാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട ാ; എങ്കിൽ ഇക്കാര്യം നടപ്പിലാ ക്കുമോ?

(ഇ) പരീക്ഷാ പേപ്പർ വാല്യുവേഷൻ നടത്തുന്നതിന് അദ്ധ്യാപകരെ നിയമിക്കുന്നത് പ്രത്യേക സെക്ഷനുകൾ രൂപീകരിച്ചും വിദഗ്ധ അദ്ധ്യാപരുടെ ഇൻഡക്സ് തയ്യാറാക്കിയുമാണ്

സെക്ഷൻ ഓഫീസർ